# KITE GNU-Linux (ഉബുണ്ടു) ഇൻസ്റ്റാൾ ചെയ്യുന്ന വിധം

## ഇതിനാവശ്യമായ Ubuntu ലഭിക്കുന്നതിന്

കേരളത്തിലെ സ്കൂളുകളിലെ ആവശ്യത്തിനായി, Ubuntu 18.04 അടിസ്ഥാനമാക്കി, തയാറാക്കിയ KITE OS ന്റെ iso ഫയൽ ചുവടെ നൽകിയ ലിങ്കിൽനിന്നും ഡൗൺലോഡ് ചെയ്യാം. (4 GB വലുപ്പമുള്ള ഫയലാണിത്)

https://kite.kerala.gov.in/KITE/downloads/IT_School_GNU-Linux_18041-64bit.iso

ഈ വലിയ ഫയൽ ഡൗൺലോഡ് ചെയ്യാൻ പ്രയാസമുണ്ടെങ്കിൽ 2.5 GB വലുപ്പമുള്ള മറ്റൊരു iso ഫയൽ ചുവടെ കാണുന്ന ലിങ്കിൽനിന്നും ഡൗൺലോഡ് ചെയ്യാം. (സ്കൂളുകളിലെ ഐ.ടി പഠനത്തിന് ആവശ്യമായ എല്ലാ സോഫ്റ്റ്‌വെയറുകളും ഇല്ലെങ്കിലും, സാധാരണ ആവശ്യങ്ങൾക്കുള്ള എല്ലാ സോഫ്റ്റ്‌വെയറുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

https://kite.kerala.gov.in/KITE/downloads/KITE_GNU-Linux_Lite_2020.iso

ഇതും ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ നിങ്ങളുടെ തൊട്ടടുത്തുള്ള സർക്കാർ/എയിഡഡ് സ്കൂളിലെ ഐ.ടി കോർഡിനേറ്ററെ സമീപിക്കുക. ഒരു പെൻഡ്രൈവോ Blank DVD യോ നൽകിയാൽ ITSchool Ubuntu നിങ്ങൾക്ക് അവിടെനിന്നും ലഭിക്കും.

## ഡൗൺലോഡ് ചെയ്ത iso ഫയൽ ഉപയോഗിച്ച് ബൂട്ട് ഡിസ്ക് തയാറാക്കാം

ബൂട്ട് ഡിസ്ക് DVD യിലോ പെൻഡ്രൈവിലോ തയാറാക്കാം. പെൻഡ്രൈവിൽ ആണ് സൗകര്യം.

പെൻഡ്രൈവിനെ ബൂട്ട് ഡിസ്ക് ആക്കി മാറ്റുന്നതിന് നിലവിൽ ഉബുണ്ടു ഉള്ള ഒരു കമ്പ്യൂട്ടർ ഉപയോഗിക്കാം.

ഉബുണ്ടു ഉള്ള കമ്പ്യൂട്ടർ ലഭ്യമല്ലെങ്കിൽ windows ൽ Etcher എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചും പെൻഡ്രൈവിനെ ബൂട്ട് ഡിസ്ക് ആക്കാം. വിൻഡോസിലേക്കുള്ള Etcher ചുവടെയുള്ള ലിങ്കിൽനിന്നും ഡൗൺലോഡ് ചെയ്യാം. (ഇത് ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയറാണ്.)

https://github.com/balena-io/etcher/releases/download/v1.5.80/balenaEtcher-Portable-1.5.80.exe

ബൂട്ട് ഡിസ്ക് തയാറാക്കുന്നതിന് ഉപയോഗിക്കുന്ന പെൻഡ്രൈവിൽ നിലവിൽ ആവശ്യമുള്ള ഫയലുകൾ വല്ലതും ഉണ്ടെങ്കിൽ അവ മറ്റെവിടെയെങ്കിലും കോപ്പി ചെയ്ത് വെച്ചതിനു ശേഷം മാത്രം ഈ പ്രവർത്തനം തുടങ്ങിയാൽ മതി.

### ഉബുണ്ടുവിൽ ബൂട്ട് ഡിസ്ക് തയാറാക്കുന്ന വിധം

Startup Disk Creator തുറക്കുക (Applications > System Tools > Administration എന്ന മെനുവിലാണ് ഇത് ഉള്ളത്).

Source disk image എന്ന ഭാഗത്ത് iso ഫയൽ തിരഞ്ഞെടുക്കുക (Desktop ലോ Downloads ലോ ആണ് iso ഫയൽ ഉള്ളതെങ്കിൽ അത് ഇവിടെ വന്നിട്ടുണ്ടാകും).

Device എന്ന ഭാഗത്ത് നാം കണക്ട് ചെയ്തുവെച്ച പെൻഡ്രൈവ് കാണാം.

Make Startup Disk ൽ ക്ലിക്ക് ചെയ്യുക

പെൻഡ്രൈവിൽ നിലവിലുള്ള വിവരങ്ങൾ നഷ്ടപ്പെടുമെന്ന മുന്നറിയിപ്പ് കാണാം,

ആവശ്യമുള്ള ഫയലുകളൊന്നുമില്ല എന്നുറപ്പു വരുത്തി Yes ൽ ക്ലിക്ക് ചെയ്യുക







## വിൻഡോസിൽ ബൂട്ട് ഡിസ്ക് തയാറാക്കുന്ന വിധം

വിൻഡോസിലേക്കുള്ള Etcher ചുവടെയുള്ള ലിങ്കിൽനിന്നും ഡൗൺലോഡ് ചെയ്യുക. (ഇത് ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയറാണ്.)

https://github.com/balena-io/etcher/releases/download/v1.5.80/balenaEtcher-Portable-1.5.80.exe

ഡൗൺലോഡ് ചെയ്ത ഫയൽ തുറക്കുക.

 ഐക്കണിൽ ക്ലിക്ക് ചെയ്ത് iso ഫയൽ തിരഞ്ഞെടുത്ത് Flash ൽ ക്ലിക്ക് ചെയ്യുക.



## ഉബുണ്ടു ഇൻസ്റ്റാൾ ചെയ്യുന്നതിന്റെ വിവിധ ഘട്ടങ്ങൾ

നിലവിലുള്ള വിവരങ്ങൾ നഷ്ടപ്പെടാതെ മറ്റൊരു ഓപ്പറേറ്റിങ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യുന്നത് എല്ലായ്പ്പോഴും വിജയിക്കണമെന്നില്ല. അതുകൊണ്ട് ആവശ്യമായ വിവരങ്ങളെല്ലാം കോപ്പി ചെയ്ത് സൂക്ഷിച്ചതിനു ശേഷം മാത്രമേ ഇൻസ്റ്റലേഷൻ തുടങ്ങാവൂ.

### ബൂട്ട് ഓർഡർ ക്രമീകരിക്കാം

പെൻഡ്രൈവിൽനിന്ന് കമ്പ്യൂട്ടർ ബൂട്ടിങ് തുടങ്ങണമെങ്കിൽ, ഒന്നാമത്തെ ബൂട്ട് ഡിവൈസായി ഇതിനെ നിശ്ചയിക്കേണ്ടതുണ്ട്. ഇതിന് നിങ്ങൾ ഉപയോഗിക്കുന്ന കമ്പ്യൂട്ടറിന്റെ ബൂട്ട് മെനു ഓപ്ഷൻ ലഭിക്കുന്നതിന് അമർത്തേണ്ട കീ ഏതാണ് എന്ന് അറിഞ്ഞിരിക്കേണ്ടതുണ്ട്. പല കമ്പ്യൂട്ടറുകളിലും ഇത് വ്യത്യസ്ത കീകളിലായിരിക്കും ക്രമീകരിച്ചിട്ടുണ്ടാവുക. സാധാരണയായി ലാപ്ടോപ്പുകളിൽ ഉപയോഗത്തിലുള്ള ബൂട്ട് മെനു ഓപ്ഷൻ കീകൾ ചുവടെ കൊടുക്കുന്നു.

| Boot Option Key | |
|---|---|
| Acer | F12 |
| Asus | Esc (or F8) |
| Dell | F12 |
| HP | Esc, F9 |
| Lenovo | F12 |
| Sony | F11 (or F10) |
| Toshiba | F12 |

എല്ലാ മോഡലുകളിലും ഇതുതന്നെയാവണമെന്നില്ല.

ചില കമ്പ്യൂട്ടറുകളിൽ കമ്പ്യൂട്ടർ ഓൺ ചെയ്ത ഉടനെ Boot Option (Boot order) കീയും Setup (BIOS) കീയും സ്ക്രീനിൽ അല്പ സമയത്തേക്ക് പ്രദർശിപ്പിക്കാറുണ്ട്. ഇവിടെ നിന്ന് അത് കണ്ടെത്താം.

ഇങ്ങനെയും ലഭിക്കുന്നില്ലെങ്കിൽ ലാപ്ടോപ്പിന്റെ പേരും മോഡലും നൽകി ഇന്റർനെറ്റിൽ boot option key എന്ന് സെർച്ച് ചെയ്ത് ശരിയായ കീ കണ്ടെത്തുക.

പഴയ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളിൽ ഇത്തരം ഒരു boot option കീ ക്രമീകരിച്ചിട്ടുണ്ടാവില്ല. ഇത്തരം കമ്പ്യൂട്ടറുകളിൽ USB ഡ്രൈവിൽ നിന്ന് ബൂട്ട് ചെയ്യുന്ന വിധം ഈ ഡോക്യുമെന്റിന്റെ അവസാനത്തിൽ BIOS ൽ Boot Priority ക്രമീകരിക്കുന്ന വിധം എന്ന ഭാഗത്ത് നൽകിയിട്ടുണ്ട്.

### ബൂട്ട് ഡിസ്കിൽനിന്നും ബൂട്ട് ചെയ്യാം

പെൻഡ്രൈവ് കമ്പ്യൂട്ടറിൽ കണക്ട് ചെയ്തതിനു ശേഷം കമ്പ്യൂട്ടർ ഓൺ ചെയ്യുക. ബൂട്ട് മെനു ഓപ്ഷൻ കീ അമർത്തുക. ഇപ്പോൾ ലഭിക്കുന്ന സ്ക്രീനിൽ നിങ്ങളുടെ പെൻഡ്രൈവിന്റെ പേരോ USB Hard Disk, USB Drive എന്ന രീതിയിലോ USB ഡ്രൈവിനെ സൂചിപ്പിക്കുന്ന വരികൾ അവിടെ കാണാം.

HP ലാപ്ടോപ്പിൽ F9 കീ അമർത്തിയപ്പോൾ ലഭിച്ച സ്ക്രീനാണ് ചിത്രത്തിൽ കാണുന്നത് (ഇതിൽ കണക്ട് ചെയ്തിരിക്കുന്ന പെൻഡ്രൈവ് USB Hard Drive – SanDisk എന്ന പേരിൽ കാണാം. ഇത് ചെയ്തിരിക്കുന്നു)




ഇത് സെലക്ട് ചെയ്ത് Enter കീ അമർത്തുക.

ഇപ്പോൾ പെൻഡ്രൈവിൽനിന്നും ബൂട്ടിങ് ആരംഭിക്കും. ബൂട്ടിങ് രണ്ട് രീതിയിൽ വരാം. കറുത്ത സ്ക്രീനിലും നീല സ്ക്രീനിലും. ചുവടെയുള്ള ചിത്രങ്ങൾ ശ്രദ്ധിക്കുക.

ഇതിൽ ആദ്യത്തേതിനെ (കറുത്ത സ്ക്രീനിലുള്ളത്) UEFI Booting എന്നും രണ്ടാമത്തേതിനെ Legacy Booting എന്നും വിളിക്കാം.

നിങ്ങളുടെ കമ്പ്യൂട്ടർ ഏതു രീതിയിലാണ് ബൂട്ട് ചെയ്തത് എന്ന ശ്രദ്ധിക്കുക.

UEFI Booting




Legacy Booting




നമ്മുടെ ലക്ഷ്യം Install Ubuntu ആണെങ്കിലും ആദ്യം കാണുന്ന Try Ubuntu without installing എന്നതു തന്നെ സെലക്ട് ചെയ്ത് ബൂട്ടിങ് തുടങ്ങിയാൽ മതി.

കുറച്ച് സമയത്തിനു ശേഷം പൂർണ്ണമായു പ്രവർത്തിക്കാനാവുന്ന ഒരു ഉബുണ്ടു ഓപ്പറേറ്റിങ് സിസ്റ്റം നമ്മുടെ മുന്നിൽ സജ്ജമാവുന്നു.



ഇതിന് Live Session എന്നാണ് പറയുക. പെൻഡ്രൈവിൽ നിന്നാണ് ഇത് പ്രവർത്തിക്കുന്നത്.

| |
|---|
| നമ്മുടെ കമ്പ്യൂട്ടറിലേക്ക് ഇൻസ്റ്റാൾ ചെയ്യാതെ തന്നെ ഇതിലെ എല്ലാ സോഫ്റ്റ്‌വെയറുകളും പ്രവർത്തിപ്പിക്കാനാവും. ഹോമിൽ സേവ് ചെയ്ത ഫയലുകൾ Live Session ഓഫ് ചെയ്യുന്നതിനു മുമ്പ് മറ്റൊരു പെൻഡ്രൈവിലേക്കോ ഹാർഡ് ഡിസ്കിലേക്കോ കോപ്പി ചെയ്യണം. Live Session ഓഫ് ചെയ്യുമ്പോൾ അതിൽ നാം ചെയ്ത ഫയലുകളെല്ലാം നഷ്ടപ്പെടും |

## ഹാർഡ് ഡിസ്ക് പരിശോധിക്കാം

ഇൻസ്റ്റലേഷൻ തുടങ്ങുന്നതിനു മുമ്പ് കമ്പ്യൂട്ടറിലെ ഹാർഡ് ഡിസ്കിന്റെ നിലവിലുള്ള അവസ്ഥ പരിശോധിക്കണം. ഇതിനായി Disks (Applications > Accessories > Disks) എന്ന സോഫ്റ്റ് വെയർ ഉപയോഗിക്കാം. ചിത്രം ശ്രദ്ധിക്കുക.




ഹാർഡ് ഡിസ്കിന്റെ പാർട്ടീഷ്യനിങ് ഏതു തരം ആണ് എന്നാണ് നാം ഇവിടെ ശ്രദ്ധിക്കേണ്ടത്. ചിത്രത്തിൽ ചുവന്ന വരയുള്ള ഭാഗം നോക്കുക. പാർട്ടീഷ്യനിങ് GUID Partition Table (GPT) എന്നാണ് എഴുതിയിട്ടുള്ളത്.

ഈ കമ്പ്യൂട്ടറിൽ ബൂട്ടിങ് ആരംഭിച്ചത് Legacy മോഡിലാണെങ്കിൽ (നീല സ്ക്രീനിൽ) ഇൻസ്റ്റലേഷനുമായി മുന്നോട്ടു പോകരുത്. കമ്പ്യൂട്ടർ ബൂട്ട് ചെയ്യാതെ വന്നേക്കാം. ഇത്തരം സാഹചര്യത്തിൽ (Legacy മോഡിൽ ബൂട്ട് ചെയ്യുകയും ഹാർഡ് ഡിസ്ക് പാർട്ടീഷ്യനിങ് GUID Partition Table എന്ന് കാണുകയും ചെയ്താൽ) കമ്പ്യൂട്ടർ റീസ്റ്റാർട്ട് ചെയ്ത് Boot Options കീ അമർത്തി, USB Drive നൊപ്പം UEFI എന്നെഴുതിയ വരി സെലക്റ്റ് ചെയ്ത് Enter കീ അമർത്തുക. ഇപ്പോൾ UEFI മോഡിൽ (കറുത്ത സ്ക്രീനിൽ) ബൂട്ടിങ് തുടങ്ങും. ഇൻസ്റ്റലേഷനുമായി മുന്നോട്ട് പോകാം.

ഇനി ചുവടെയുള്ള ചിത്രം ശ്രദ്ധിക്കുക. ഇത് മറ്റൊരു കമ്പ്യൂട്ടറിലെ ഹാർഡ് ഡിസ്കാണ്.




ഇവിടെ പാർട്ടീഷ്യനിങ് ആയി Master Boot Record (MBR) ആണ് ഉള്ളത്. (ചുവന്ന വരയുള്ള ഭാഗം ശ്രദ്ധിക്കുക)

ഇത്തരം കമ്പ്യൂട്ടറുകളിൽ Windows ഉണ്ടെങ്കിൽ Legacy മോഡിൽ ബൂട്ട് ചെയ്ത് ഇൻസ്റ്റലേഷൻ നടത്തുന്നതാണ് നല്ലത്.

കമ്പ്യൂട്ടർ റീസ്റ്റാർട്ട് ചെയ്ത് Boot Options കീ അമർത്തി USB ഡ്രൈവിന് നേരെ **UEFI** **എന്നെഴുതാത്ത** വരി ലഭ്യമാണോ എന്ന് പരിശോധിക്കുക. **ലഭ്യമാണെങ്കിൽ** അത് സെലക്റ്റ് ചെയ്ത് ബൂട്ട് ചെയ്യുക. ചുവടെയുള്ള ചിത്രം ശ്രദ്ധിക്കുക. (എല്ലാ കമ്പ്യൂട്ടറിലും ഇങ്ങനെ ആകണമെന്നില്ല. ഇത് HP ലാപ്ടോപ്പിന്റെ Boot Options മെനുവാണ്)




ഇതിൽ USB Hard Drive എന്ന് രണ്ട് വരികളിൽ കാണാം. ചുവന്ന അടിവരയുള്ള വരിയിലും കറുപ്പ് പശ്ചാത്തലമുള്ള വരിയിലും. ഇതിൽ ചുവന്ന അടിവരയുള്ള വരിയിൽ UEFI എന്നെഴുതിയിട്ടുണ്ട്. ഇത് സെലക്റ്റ് ചെയ്താൽ UEFI മോഡിൽ ബൂട്ട് ചെയ്യും. കറുത്ത പശ്ചാത്തലമുള്ള USB Hard Drive – SanDisk സെലക്റ്റ് ചെയ്താൽ Legacy മോഡിൽ ബൂട്ട് ചെയ്യാം.

(എല്ലാ കമ്പ്യൂട്ടറിലും ഇത്തരത്തിൽ Legacy മോഡ് ലഭ്യമാവണമെന്നില്ല. അത്തരം കമ്പ്യൂട്ടറുകളിൽ BIOS ൽ Boot മോഡ് Legacy എനേബ്ൾഡ് ആണെന്ന് ഉറപ്പ് വരുത്തിയാൽ മതി. BIOS ൽ Boot Priority ക്രമീകരിക്കുന്ന വിധം ഈ ഡോക്യുമെന്റിന്റെ അവസാന ഭാഗത്ത് നൽകിയിട്ടുണ്ട്)

പഴയ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളിൽ Boot options കീ ക്രമീകരിച്ചിട്ടുണ്ടാവില്ല. ഇത്തരം കമ്പ്യൂട്ടറുകളിൽ BIOS ക്രമീകരണത്തിനുള്ള കീ (സാധാരണയായി ഇത് Del കീ അല്ലെങ്കിൽ F2 കീ ആയിരിക്കും) അമർത്തി BIOS ക്രമീരണത്തിൽ പ്രവേശിക്കുക. BIOS ൽ Boot Priority ക്രമീകരിക്കുന്ന വിധം ഈ ഡോക്യുമെന്റിന്റെ അവസാന ഭാഗത്ത് നൽകിയിട്ടുണ്ട്.

### ഇൻസ്റ്റലേഷൻ തുടങ്ങാം

ഡെസ്ക്ടോപ്പിൽ കാണുന്ന Install Ubuntu എന്ന ഐക്കണിൽ ക്ലിക്ക് ചെയ്ത് Enter കീ അമർത്തുക.




ഡെസ്ക്ടോപ്പിൽ ഇത് കാണുന്നില്ലെങ്കിൽ Applications > System Tools > Administration എന്ന മെനുവിലുള്ള  Install Ubuntu ക്ലിക്ക് ചെയ്യുക

കമ്പ്യൂട്ടറിൽ internet connection ഉണ്ടെങ്കിൽ അത് Disconnect ചെയ്യുന്നതാണ് നല്ലത്. (ഇൻസ്റ്റലേഷന്റെ സമയം കുറയ്ക്കുന്നതിനു വേണ്ടിയാണിത്)

**1**




ഇപ്പോൾ ലഭിക്കുന്ന ജാലത്തിൽ English ആണ് സെലക്ഷൻ ഉള്ളത്.

ഇതിൽ മാറ്റങ്ങളൊന്നും വരുത്തേണ്ടതില്ല.

Continue ബട്ടൺ ക്ലിക്ക് ചെയ്യുക.

**2**




തുടർന്ന് ലഭിക്കുന്ന Keyboard layout തിരഞ്ഞെടുക്കുന്ന ജാലത്തിലും മാറ്റങ്ങളൊന്നും വരുത്തേണ്ടതില്ല. ഇപ്പോൾ സെലക്റ്റഡ് ആയിട്ടുള്ള English (US) തന്നെയാണ് വേണ്ടത്.

Continue ബട്ടൺ ക്ലിക്ക് ചെയ്യുക.




ഇന്റർനെറ്റ് കണക്റ്റ് ചെയ്യുന്നതിനുള്ളതാണ് ഈ ജാലകം.

**3**

ഇന്റർനെറ്റ് കണക്റ്റ് ചെയ്യേണ്ടതില്ല. അതുകൊണ്ട് I don’t want to connect എന്നതിൽ മാറ്റമൊന്നും വരുത്തേണ്ടതില്ല.

Continue ബട്ടൺ ക്ലിക്ക് ചെയ്യുക.

4




ഈ ജാലകത്തിലും മാറ്റങ്ങളൊന്നും വരുത്തേണ്ടതില്ല.

Normal Installation തന്നെയാണ് ആവശ്യമായത്.

Continue ബട്ടൺ ക്ലിക്ക് ചെയ്യുക.

തുടർന്ന് ലഭിക്കുന്നത് വളരെ പ്രധാനപ്പെട്ട ഒരു ജാലകമാണ്. ഏതു രീതിയിലാണ് ഉബുണ്ടു ഇൻസ്റ്റാൾ ചെയ്യേണ്ടത് എന്ന് ഇവിടെയാണ് നാം തീരുമാനിക്കുന്നത്.




Windows ഉള്ള കമ്പ്യൂട്ടറുകളിൽ (അത് ശരിയായ രീതിയിലാണ് ഇൻസ്റ്റാൾ ചെയ്തിട്ടുള്ളത് എങ്കിൽ) ഇവിടെ കാണുന്നത് പോലെ Install Ubuntu alongside Windows Boot Manager എന്ന ഭാഗം കാണാൻ സാധിക്കും. Windows നിലനിർത്തണമെങ്കിൽ ഈ ഭാഗം സെലക്ട് ചെയ്യാം.

ഹാർഡ് ഡിസ്കിൽ നിലവിലുള്ളതെല്ലാം (Windows ഉം മറ്റ് ഫയലുകളും) മായ്ച്ച് കളഞ്ഞ് Ubuntu മാത്രമായി ഇൻസ്റ്റാൾ ചെയ്യാൻ Erase disk and Install Ubuntu എന്ന ഭാഗം സെലക്ട് ചെയ്യണം.

ആവശ്യമായത് സെലക്ട് ചെയ്ത് Continue ബട്ടൺ ക്ലിക്ക് ചെയ്യുക.

Windows ഉള്ള കമ്പ്യൂട്ടറുകളിൽ Install Ubuntu alongside Windows എന്ന ഭാഗം കാണാതെ വരാം. Erase disk and Install Ubuntu എന്ന ഭാഗം സെലക്ട് ചെയ്താൽ Windows ഉം ഹാർഡ് ഡിസ്കിൽ നിലവിലുള്ള എല്ലാ ഫയലുകളും നഷ്ടപ്പെടുകയും ചെയ്യും. ഇത്തരം സാഹചര്യങ്ങളിൽ ഫയലുകൾ നഷ്ടപ്പെടാതെ ഹാർഡ് ഡിസ്കിനെ മാനുവലായി പാർട്ടീഷ്യൻ ചെയ്യുന്നതിന് Something else എന്ന ഓപ്ഷനാണ് സെലക്ട് ചെയ്യേണ്ടത്. ഇത് വളരെയേറെ ശ്രദ്ധിച്ച് ചെയ്യേണ്ട ഒരു പ്രവർത്തനമാണ്. ഈ ഡോക്യുമെന്റിന്റെ അവസാനത്തിൽ Hard disk Partitioning എന്ന ഭാഗത്ത് ഇത് വിശദീകരിച്ചിട്ടുണ്ട്.

ഹാർഡ് ഡിസ്കിൽ ധാരാളം Free Space ഉണ്ടെങ്കിൽ ഇവിടെ കാണുന്ന രീതിയിലുള്ള ഒരു ജാലകം ലഭിക്കും.

ഹാർഡ് ഡിസ്കിൽ ഉബുണ്ടുവിന് വേണ്ട സ്ഥലം ഇവിടെ വെച്ച് നമുക്ക് നിശ്ചയിക്കാം. ചിത്രം ശ്രദ്ധിക്കുക. മൗസ് ഉപയോഗിച്ച് ഡ്രാഗ് ചെയ്താണ് size മാറ്റേണ്ടത്.




Continue ബട്ടൺ ക്ലിക്ക് ചെയ്യുക.

തുടർന്ന് ഹാർഡ് ഡിസ്കിൽ മാറ്റം വരുത്തുന്നത് confirm ചെയ്യുന്നതിനുള്ള ജാലകമാണ് വരുന്നത്.




Continue ബട്ടൺ ക്ലിക്ക് ചെയ്യുക.

തുടർന്ന് time zone സെറ്റ് ചെയ്യുന്നതിനുള്ള ജാലകമാണ് വരുന്നത്.

7

ഇവിടെ നമ്മുടെ സമയ മേഘല സെറ്റ് ചെയ്യുന്നതിന് ഭൂപടത്തിൽ ഇന്ത്യയിൽ ക്ലിക്ക് ചെയ്യുക.

Continue ബട്ടൺ ക്ലിക്ക് ചെയ്യുക.







ഇപ്പോൾ വരുന്നത് username ഉം password ഉം നിർമ്മിക്കുന്നതിനുള്ള ജാലകമാണ്.

Your name എന്നത് വലിയ അക്ഷരത്തിലോ ചെറിയ അക്ഷരത്തിലോ ഒറ്റ വാക്കായോ ഒന്നിലധികം പദങ്ങളായോ നൽകാം. ഇതാണ് Login Screen ൽ പ്രത്യക്ഷപ്പെടുന്ന പേര്.

Your name ൽ നൽകുന്ന ആദ്യത്തെ വാക്ക് മാത്രം ചെറിയ അക്ഷരത്തിൽ Pick a username എന്ന ബോക്സിൽ പ്രത്യക്ഷപ്പെടുന്നത് കാണാം. (ഉദാ. Your name എന്ന ബോക്സിൽ Mini Tom എന്നു നൽകിയാൽ username ആയി വരുന്നത് mini എന്നു മാത്രമാണ്. ഇത് വേണമെങ്കിൽ മാറ്റി നൽകാം. പക്ഷെ ചെറിയ അക്ഷരത്തിൽ ഒറ്റ വാക്ക് ആയിരിക്കണം, അക്കങ്ങൾ ഉപയോഗിക്കാം, കുത്തോ കോമയോ ഉപയോഗിക്കരുത്. അതായത്, name എന്തുമാവാം. എന്നാൽ username ചെറിയ അക്ഷരത്തിൽ ഒറ്റ വാക്കായി നൽകണം.

Your computer's name എന്ന ബോക്സിൽ കമ്പ്യൂട്ടറിന് ഒരു പേര് വന്നിട്ടുണ്ടാകും. ഇത് മാറ്റി സൗകര്യപ്രദമായ മറ്റൊരു പേര് നൽകുന്നതാണ് നല്ലത്. ഇവിടെ നൽകുന്ന പേരാണ് ഈ കമ്പ്യൂട്ടറിന്റെ hostname. നെറ്റ്‌വർക്കിലും മറ്റു ഈ കമ്പ്യൂട്ടറിനെ തിരിച്ചറിയുന്നതിനുള്ള പേരാണ് ഇത്.

Choose a password, Confirm your password എന്നീ ബോക്സുകളിൽ കമ്പ്യൂട്ടറിന് നൽകാനുദ്ദേശിക്കുന്ന പാസ്‌വേർഡ് ടൈപ്പ് ചെയ്യുക. Login automatically എന്നത് സെലക്ട് ചെയ്യാതിരിക്കുന്നതാണ് നല്ലത്. പാസ്‌വേർഡ് നൽകി ലോഗിൻ ചെയ്യുന്നതാണ് നല്ല ശീലം.

Continue ബട്ടൺ ക്ലിക്ക് ചെയ്യുക. ഇതോടെ ഇൻസ്റ്റലേഷനു വേണ്ട എല്ലാ വിവരങ്ങളും നൽകിക്കഴിഞ്ഞു.

ഇൻസ്റ്റലേഷൻ തീരുന്നതു വരെ കാത്തിരിക്കുക.

9




ഇൻസ്റ്റലേഷൻ പൂർത്തിയാവുമ്പോൾ അതു സംബന്ധിച്ച ചുവടെ കാണുന്ന ജാലകം ലഭിക്കും.




Restart Now എന്നതിൽ ക്ലിക്ക് ചെയ്ത്, പെൻഡ്രൈവ് ഡിസ്കണക്ട് ചെയ്യുന്നതിനുള്ള മെസേജ് കാണുമ്പോൾ അത് ഡിസ്കണക്ട് ചെയ്ത് Enter കീ അമർത്തുക.

## ഇൻസ്റ്റാൾ ചെയ്ത Ubuntu പ്രവർത്തിപ്പിക്കാം

കമ്പ്യൂട്ടർ റീസ്റ്റാർട്ട് ചെയ്ത് വരുമ്പോൾ, Windows ഉള്ള കമ്പ്യൂട്ടറാണെങ്കിൽ, ചുവടെ കാണുന്നത് പോലെയുള്ള grub മെനു ലഭിക്കും.

നേരിട്ട് ഉബുണ്ടുവാണ് ബൂട്ട് ചെയ്യുക. വിൻഡോസ് ലഭിക്കണമെങ്കിൽ Windows എന്നെഴുതിയ വരി കീബോർഡിലെ Arrow കീ ഉപയോഗിച്ച് തിരഞ്ഞെടുത്ത് Enter കീ അമർത്തുക.



## BIOS ൽ Boot Priority ക്രമീകരിക്കുന്ന വിധം

കമ്പ്യൂട്ടറുകൾ ഓൺ ചെയ്യുമ്പോൾ വിവിധ ഹാർഡ്‌വെയർ ഭാഗങ്ങളെ പ്രവർത്തിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി മദർബോർഡിൽ ഒരുക്കിയിട്ടുള്ള പ്രോഗ്രാമാണ് (firmware) BIOS. Basic Input Output Sytem എന്നാണ് ഇതിന്റെ പൂർണ്ണരൂപം. ഇപ്പോൾ ഇതിന്റെ പുതിയ രൂപമായ UEFI ആണ് പുതിയ കമ്പ്യൂട്ടറുകളിലെല്ലാം ഉള്ളത്. ഇത് ഉപയോഗിച്ച് കമ്പ്യൂട്ടറിലെ തിയ്യതി, സമയം എന്നിവ ക്രമീകരിക്കാം. കമ്പ്യൂട്ടറിൽ ഘടിപ്പിച്ചിട്ടുള്ള ഹാർഡ് ഡിസ്കുകൾ, USB ഡ്രൈവുകൾ, CD/DVD ഡ്രൈവുകൾ എന്നിവയുടെ പ്രവർത്തനം ക്രമീകരിക്കാം. ഈ ഡ്രൈവുകളിലെല്ലാം ഓപ്പറേറ്റിങ് സിസ്റ്റങ്ങൾ ഉണ്ടെങ്കിൽ ഏതാണ് ആദ്യം ലോഡ് ചെയ്യേണ്ടത് എന്ന് തീരുമാനിക്കുന്നതിനുള്ള സൗകര്യം BIOS ൽ ഉണ്ട്. ഇത് Boot Options മെനു ഉപയോഗിച്ച് ചെയ്യുന്നതാണ് നാം നേരത്തെ പരിചയപ്പെട്ടത്. BIOS Settings ൽ ഇത് ക്രമീകരിക്കുന്നത് എങ്ങനെയെന്ന് നോക്കാം.

ഇതിനായി, കമ്പ്യൂട്ടർ ഓൺ ചെയ്ത ഉടനെ BIOS Settings ലഭിക്കുന്നതിനുള്ള കീ അമർത്തണം. ഇത് പല കമ്പ്യൂട്ടറുകളിലും വ്യത്യസ്തമായിരിക്കും. **ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളിൽ സാധാരണയായി Del കീ അല്ലെങ്കിൽ F2 കീയിലായിരിക്കും ഇത് ക്രമീകരിച്ചിട്ടുണ്ടാവുക.**

ലാപ്ടോപ്പുകളിൽ സാധാരണയായി ഉപയോഗത്തിലുള്ള ബയോസ് കീകൾ ചുവടെ കാണാം.

| BIOS Key | |
|---|---|
| Acer | F2 |
| Asus | F2 |
| Dell | F2 |
| HP | Esc, F10 |
| Lenovo | F2 |
| Sony | F2 |
| Toshiba | F2 |

എല്ലാ മോഡലുകളിലും ഇതുതന്നെയാവണമെന്നില്ല.

ചില കമ്പ്യൂട്ടറുകളിൽ കമ്പ്യൂട്ടർ ഓൺ ചെയ്ത ഉടനെ Boot Option (Boot order) കീയും Setup (BIOS) കീയും സ്ക്രീനിൽ അല്പ സമയത്തേക്ക് പ്രദർശിപ്പിക്കാറുണ്ട്. ഇവിടെ നിന്ന് അത് കണ്ടെത്താം.

ഇങ്ങനെയും ലഭിക്കുന്നില്ലെങ്കിൽ ലാപ്ടോപ്പിന്റെ പേരും മോഡലും നൽകി ഇന്റർനെറ്റിൽ BIOS key എന്ന് സെർച്ച് ചെയ്ത് ശരിയായ കീ കണ്ടെത്തുക.

ചില ലാപ്ടോപ്പുകളിൽ Fn കീ അമർത്തിപ്പിടിച്ചുകൊണ്ട് ഇവിടെ നൽകിയ കീകൾ അമർത്തുമ്പോഴാണ് BIOS Settings ലഭിക്കുന്നത്.

Boot പ്രയോറിറ്റി മാറ്റുന്നതിന് BIOS Settings ൽ Boot ക്രമീകരണങ്ങളുടെ ഭാഗത്ത് എത്തുക.

ഒരു Acer ലാപ്ടോപ്പിലെ BIOS Settings ലെ Boot ക്രമീകരണ ഭാഗമാണ് ചിത്രത്തിൽ കാണുന്നത്



ഇവിടെ ഒന്നാമത്തെ Boot Priority കമ്പ്യൂട്ടറിന്റെ ഹാർഡ് ഡിസ്കിനാണ് (HDD). പെൻഡ്രൈവിന്റെ Boot Priority അഞ്ചാണ് (ചുവന്ന അടിവരയുള്ള ഭാഗം). പെൻഡ്രൈവിൽ നിന്ന് ബൂട്ട് ചെയ്യാൻ അതിനെ ഒന്നാമത്തേതാക്കിയാൽ മതി. ഇവിടെ സെലക്ട് ചെയ്തതിന്റെ സ്ഥാനം മാറ്റാൻ F5, F6 എന്നീ കീകളാണ് ഉപയോഗിക്കേണ്ടത്. ചിത്രത്തിൽ താഴെ ഭാഗത്ത് കാണുന്ന  Change Values ശ്രദ്ധിക്കുക. അതായത് പെൻഡ്രൈവ് സെലക്ട് ചെയ്തതിനു ശേഷം F6 അമർത്തി അതിനെ മുകളിലേക്ക് നീക്കി ഒന്നാമത്തേതാക്കുക. അതിനു ശേഷം ഇത് സേവ് ചെയ്യുന്നതിന് F10 അമർത്തുക (ഇവിടെ Save and Exit നുള്ള കീ F10 ആണെന്ന് ചിത്രത്തിൽ നിന്നും മനസിലാക്കാം)

ചില പഴയ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളിൽ Boot Priority യിൽ USB Drive കാണുകയില്ല. ഇത്തരം കമ്പ്യൂട്ടറുകളിൽ ഹാർഡ് ഡിസ്ക് ഒന്നാമത്തേതായി ക്രമീകരിക്കുക. അതിനു ശേഷം Hard Drive (disk) Boot Priority എന്ന ഭാഗം എടുക്കുക. ഇവിടെ USB Drive കാണാൻ സാധിക്കും. ഇതിനെ ഒന്നാമത്തെ പ്രയോറിറ്റി നൽകുക.

## Boot Mode മാറ്റാൻ

ഹാർഡ് ഡിസ്ക് GPT (GUID Partition Table) ആണെങ്കിൽ Boot മോഡ് UEFI ആയിരിക്കണമെന്ന് നേരത്തെ പറഞ്ഞല്ലോ. അതുപോലെ വിൻഡോസ് ഉള്ള കമ്പ്യൂട്ടറുകളിൽ ഹാർഡ് ഡിസ്ക് MBR (Master Boot Record) ആണെങ്കിൽ Boot മോഡ് Legacy (CSM) ആയിരിക്കണം എന്നും പറഞ്ഞു. ഇങ്ങനെ Boot മോഡ് മാറ്റുന്നതിനുള്ള ഓപ്ഷനും ഇവിടെയാണുള്ളത്. (മുകളിലുള്ള ചിത്രം ശ്രദ്ധിക്കുക)

പുതിയ സാങ്കേതിക വിദ്യയായ UEFI വരുന്നതിന് മുമ്പുള്ള കമ്പ്യൂട്ടറുകളിൽ ഇങ്ങനെ ഒരു ഓപ്ഷൻ ഉണ്ടായിരിക്കുകയില്ല. ഇത്തരം കമ്പ്യൂട്ടറുകളിൽ ഹാർഡ് ഡിസ്ക് MBR (Master Boot Record) തന്നെയായിരിക്കും.

# Hard disk Partitioning

Install Ubuntu alongside ....... ലഭിക്കാത്ത അവസരങ്ങളിലും, alongside പരാജയപ്പെടുന്ന സന്ദർഭങ്ങളിലും നമ്മുടെ ഇഷ്ടാനുസരണം പാർട്ടീഷ്യനുകൾ നിർമ്മിക്കേണ്ടി വരുമ്പോഴും Something else തിരഞ്ഞെടുത്ത് മാന്വൽ പാർട്ടീഷ്യനിങ് നടത്താം

> വളരെയേറെ ശ്രദ്ധ ആവശ്യമുള്ള പ്രവർത്തനമാണ് മാന്വൽ പാർട്ടീഷ്യനിങ്. പാർട്ടീഷ്യനിങ് നടത്തുമ്പോൾ സംഭവിക്കുന്ന പിഴവുകളോ അശ്രദ്ധയോ ഹാർഡ് ഡിസ്കിലെ മുഴുവൻ വിവരങ്ങളും നഷ്ടപ്പെടുത്തുന്നതിനിടയാക്കും. അതിനാൽ ആവശ്യമുള്ള ഫയലുകളെല്ലാം സുരക്ഷിതമായി എടുത്തുവെച്ചതിനു ശേഷം മാത്രം ഈ പ്രവർത്തനം നടത്തുക

Something else സെലക്ട് ചെയ്ത് Continue ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന ജാലകത്തിൽ നിലവിലുള്ള പാർട്ടീഷ്യനുകളെ sda1, sda2, sda3, ..... എന്ന രീതിയിൽ കാണാം. ചുവടെയുള്ള ചിത്രം നോക്കുക






നിലവിൽ വിൻഡോസ് ഉള്ള ഒരു കമ്പ്യൂട്ടറിൽ മുകളിൽ കാണുന്ന രീതിയിൽ പാർട്ടീഷ്യനുകൾ കാണാതെ മുഴുവൻ സ്പെയ്സും Free space ആയിട്ടാണ് കാണുന്നതെങ്കിൽ ഇവിടെ വച്ച് ഇൻസ്റ്റലേഷൻ Quit ചെയ്യണം. sudo fixparts /dev/sda എന്ന കമാൻറ് ഉപയോഗിച്ച് ഈ തകരാറ് ഫിക്സ് ചെയ്യണം

പുതിയ പാർട്ടീഷ്യനുകളുണ്ടാക്കാൻ ആദ്യം വേണ്ടത്ര Free space നിർമ്മിക്കണം. നിലവിൽ Free space ഉണ്ടെങ്കിൽ അതുപയോഗിക്കാം. ഇല്ലെങ്കിൽ നിലവിലുള്ള പാർട്ടീഷ്യനുകളെ Resize (Change ) ചെയ്തോ മറ്റു പാർട്ടീഷ്യനു(കൾ) ഡിലീറ്റ് ചെയ്തോ Free space ഉണ്ടാക്കാം

നിലവിലുള്ള ഓപ്പറേറ്റിങ് സിസ്റ്റമോ ഫയലുകളോ നഷ്ടപ്പെടാതെ ലിനക്സ് ഇൻസ്റ്റാൾ ചെയ്യുമ്പോൾ ഹാർഡ് ഡിസ്കിലെ പാർട്ടീഷ്യനുകളെ Resize (Change) ചെയ്ത് Free space ഉണ്ടാക്കുന്നതാണ് നല്ലത്. Resize ചെയ്യുമ്പോൾ ലഭിക്കുന്ന ഭാഗം unusable ആകുന്ന സാഹചര്യത്തിൽ മാത്രം പാർട്ടീഷ്യനുകൾ ഡിലീറ്റ് ചെയ്താൽ മതി.

## ഒരു പാർട്ടീഷ്യൻ resize ചെയ്ത് free space ഉണ്ടാക്കുന്ന വിധം

Installation Type എന്ന ജാലകത്തിൽ നിന്ന് Something else സെലക്റ്റ് ചെയ്ത് താഴെ കാണുന്ന സ്ക്രീനിൽ എത്തുക.

Resize ചെയ്യേണ്ട പാർട്ടീഷ്യൻ സെലക്റ്റ് ചെയ്ത് Change എന്നതിൽ ക്ലിക്ക് ചെയ്യുക.




(Resize ചെയ്യേണ്ട പാർട്ടീഷ്യന്റെ size ഉം used സ്ഥലവും പ്രത്യേകം ശ്രദ്ധിക്കണം.)

നമുക്കാവശ്യമായ free space കിട്ടുന്നതിന് ഈ പാർട്ടീഷ്യന്റെ size എത്രയാക്കി ചുരുക്കണം എന്ന് കണക്കാക്കുക. ഇങ്ങനെ കണക്കാക്കിയ പാർട്ടീഷ്യൻ size ആണ് അടുത്ത സ്ക്രീനിൽ നൽകേണ്ടത്. (free space ന്റെ size അല്ല)




ഉദാ. 499000 MB വലുപ്പമുള്ള പാർട്ടീഷ്യനിൽ നിന്ന് 200000 MB free space കിട്ടണമെങ്കിൽ ഈ പാർട്ടീഷ്യനെ 299000 MB ആയി resize ചെയ്യണം. അപ്പോൾ New Partition size എന്ന ബോക്സിൽ 299000 എന്നാണ് ടൈപ്പ് ചെയ്യേണ്ടത്. (New Partition size ആയി നൽകേണ്ട സംഖ്യ used space നേക്കാൾ വലുതായിരിക്കണം എന്ന് പ്രത്യേകം ഓർക്കുക). Use as എന്ന ഭാഗത്ത് ഒരു മാറ്റവും വരുത്തരുത്. കാരണം ആ പാർട്ടീഷ്യനെ നമ്മുടെ ഇൻസ്റ്റലേഷനു വേണ്ടി നാം ഉപയോഗിക്കാത്തതു കൊണ്ട് അവിടെ do not use the partition എന്നുതന്നെയാണ് വേണ്ടത്.

OK യിൽ ക്ലിക്ക് ചെയ്യുന്നതിനു മുമ്പ് നൽകിയ വിവരങ്ങളെല്ലാം ശരിയാണ് എന്ന് ഉറപ്പു വരുത്തുക. കാരണം ഒരു പാർട്ടീഷ്യനെ resize ചെയ്തതിനു ശേഷം പഴയ അവസ്ഥയിലേക്ക് തിരിച്ചുപോകാൻ ഇവിടെ നിന്ന് സാധ്യമല്ല. അതുകൊണ്ട് OK യിൽ ക്ലിക്ക് ചെയ്യുമ്പോൾ താഴെ കാണുന്ന മുന്നറിയിപ്പ് പ്രത്യക്ഷപ്പെടും.




continue എന്നതിൽ ക്ലിക്ക് ചെയ്ത് കുറച്ച് സമയം കാത്തിരിക്കുക.

Resizing കൂടുതൽ സമയമെടുക്കുന്ന പ്രക്രിയയാണ്. (used space നെ ആശ്രയിച്ചിരിക്കുമിത്)

Resizing പൂർത്തിയാകുന്നതോടെ free space ലഭ്യമാകും. ഈ free space നെ മുമ്പ് വിവരിച്ചതു പോലെ ആവശ്യമായ പാർട്ടീഷ്യനുകളാക്കി മാറ്റാം.

പാർട്ടീഷ്യൻ ടേബ്ൾ MBR ആയിട്ടുള്ള ഹാർഡ് ഡിസ്കുകളിൽ sda1, sda2, sda3, sda4 എന്നിങ്ങനെ നാല് പാർട്ടീഷ്യനുകളാണുള്ളതെങ്കിൽ അവിടെ ഇത്തരത്തിൽ Change ൽ ക്ലിക്ക് ചെയ്ത് free space നിർമ്മിച്ചാൽ അത് Unusable ആയിരിക്കും. അവിടെ ഒരു പാർട്ടീഷ്യൻ ഡിലീറ്റ് ചെയ്യുകയേ മാർഗമുള്ളൂ.

## ഒരു പാർട്ടീഷ്യൻ delete ചെയ്ത് free space ഉണ്ടാക്കുന്ന വിധം

ഒരു പാർട്ടീഷ്യൻ ഡിലീറ്റ് ചെയ്ത് free space ഉണ്ടാക്കുന്നതിന് ആ പാർട്ടീഷ്യൻ സെലക്ട് ചെയ്ത് ' - ' ബട്ടണിൽ ക്ലിക്ക് ചെയ്യുക. (ഡിലീറ്റ് ചെയ്യുമ്പോൾ ആ പാർട്ടീഷനിലുള്ള മുഴുവൻ data യും നഷ്ടപ്പെടുമെന്നോർക്കുക)




## പുതിയ partition നിർമ്മിക്കുന്ന വിധം.

Hard Disk ലെ Free space സെലക്ട് ചെയ്ത് താഴെയുള്ള ' + ' ബട്ടണിൽ ക്ലിക്ക് ചെയ്ത് പുതിയ പാർട്ടീഷ്യനുകൾ തയ്യാറാക്കാം.



ഇവിടെ ചിത്രത്തിൽ കാണുന്നത് പോലെ ഒരു efi പാർട്ടീഷ്യൻ നിലവിലില്ലെങ്കിൽ 200 MB വലുപ്പത്തിൽ ഒരു EFI System Partition ആദ്യമായി നിർമ്മിക്കേണ്ടതുണ്ട്. (Boot loader ന് വേണ്ടിയാണിത്)




ഇതിനായി Free Space സെലക്ട് ചെയ്ത് + ബട്ടൺ ക്ലിക്ക് ചെയ്യുക.

Size എന്ന ഭാഗത്ത് 200 ഉം Type എന്ന ഭാഗത്ത് Primary യും Use as എന്ന ഭാഗത്ത് EFI System Partition ഉം സെലക്ട് ചെയ്യുക.

EFI System Partition എന്ന് ഇവിടെ കാണുന്നില്ലെങ്കിൽ ഈ പാർട്ടീഷ്യൻ നിർമ്മിക്കേണ്ടതില്ല.




root, swap, home എന്നീ പാർട്ടീഷ്യനുകൾ നിർമ്മിച്ച് ഇൻസ്റ്റാൾ ചെയ്യുന്ന രീതിയാണ് ഇവിടെ വിവരിക്കുന്നത്. പാർട്ടീഷ്യനുകളുടെ വിവരം താഴെ പട്ടികയിൽ നൽകിയിരിക്കുന്നു. *(ഇവയ്ക്ക് പ്രത്യേക ക്രമമൊന്നുമില്ല.).*

| എന്താവശ്യത്തിന് | File system | Mount point | വലിപ്പം |
|---|---|---|---|
| ഓപ്പറേറ്റിങ് സിസ്റ്റത്തിന് സ്ഥിതി ചെയ്യാൻ (root partition) | ext4 | / | 30 GB (ചുരുങ്ങിയത്) |
| RAM ന്റെ അനുബന്ധമായി ഉപയോഗിക്കാൻ (Swap partition) | Swap area | | RAM നേക്കാൾ 1GB കൂടുതൽ |
| ഉപയോക്താവിന്റെ ഫയലുകൾ സൂക്ഷിക്കാൻ (home partition) | ext4 | **/home** | എത്രയുമാകാം |

ഇവയിൽ ആദ്യത്തെ പാർട്ടീഷ്യൻ root ( / ) മാത്രമാണ് നിർബന്ധമായിട്ടുള്ളത്.

Ubuntu ന്റെ 18.04 മുതലുള്ള വേർഷനുകളിൽ Swap പാർട്ടീഷ്യൻ നിർമ്മിക്കണമെന്നില്ല. ഇതിനു പകരമായി ഒരു swap file നിർമ്മിക്കപ്പെടും. Swap പാർട്ടീഷ്യൻ ഇല്ലെങ്കിലാണ് ഇത് നിർമ്മിക്കപ്പെടുക

പ്രത്യേക /home പാർട്ടീഷ്യൻ ഉണ്ടെങ്കിൽ ഉപയോക്താവിന്റെ ഫയലുകൾ നഷ്ടപ്പെടാതെ തന്നെ ഓപ്പറേറ്റിങ് സിസ്റ്റം മാറ്റി ഇൻസ്റ്റാൾ ചെയ്യാൻ സാധിക്കും.

## root partition നിർമ്മിക്കുന്ന വിധം

+ (Add) ബട്ടൺ ക്ലിക്കു ചെയ്യുമ്പോൾ ലഭിക്കുന്ന ഈ ജാലകത്തിൽ Size എന്നതിനു നേരെ root partition ന് ആവശ്യമായ size (കുറഞ്ഞത് 30000 MB എങ്കിലും) നൽകുക. Use as എന്നതിന് നേരെയുള്ള ചതുരത്തിൽ Ext4 journalling file system സെലക്ട് ചെയ്യുക. Mount point ന് നേരെയുളള ചതുരത്തിൽ root നെ സൂചിപ്പിക്കുന്ന / തിരഞ്ഞെടുത്ത് OK ബട്ടണിൽ ക്ലിക്ക് ചെയ്യുക.




## Swap partition നിർമ്മിക്കുന്ന വിധം.

Free space വീണ്ടും സെലക്ട് ചെയ്ത് Add ബട്ടണിൽ ക്ലിക്ക് ചെയ്യുക

New partition size എന്നതിൽ ആവശ്യമായ size നൽകുക.

(RAM ന്റ വലുപ്പത്തേക്കാൾ അല്പം കൂടുതൽ space ആണ് swap ന് ഉണ്ടായിരിക്കേണ്ടത്. ഇവിടെ 4 GB RAM ഉള്ള കമ്പ്യൂട്ടറായതിനാലാണ് swap ന് 5000 MB നൽകിയത്.) Use as എന്നതിന് നേരെയുളള ചതുരത്തിൽ swap area സെലക്ട് ചെയ്ത് OK ക്ലിക്ക് ചെയ്യുക.



**Home partition നിർമ്മിക്കുന്ന വിധം.**

ഇതുപോലെ കമ്പ്യൂട്ടറിലെ ഹാർഡ് ഡിസ്ക്കിന്റെ അളവിനനുസരിച്ച് ഹോം പാർട്ടീഷ്യനും നിർമ്മിക്കാവുന്നതാണ്. ഇതിനായി Free space വീണ്ടും സെലക്ട് ചെയ്ത് Add ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന ജാലകത്തിൽ ആവശ്യമായ Size നൽകിയ ശേഷം Use as , Mount point എന്നിവ താഴെ ചിത്രത്തിൽ കാണുന്നതു പോലെ തെരഞ്ഞെടുക്കുക. (root, swap പാർട്ടീഷ്യനുകൾ നിർമ്മിച്ചതിനു ശേഷം ബാക്കിവരുന്ന മുഴുവൻ സ്പെയ്സും /home നു നൽകാം)

തുടർന്ന് OK ബട്ടണിൽ ക്ലിക്ക് ചെയ്യുക




**ഇപ്പോൾ ഇൻസ്റ്റലേഷനു വേണ്ട സ്ഥലമൊരുക്കി നൽകിക്കഴിഞ്ഞു. ഇനി Install Now ക്ലിക്ക് ചെയ്ത് ഇൻസ്റ്റലേഷൻ തുടരാം**